


# ഒരു മുസ്ലിം സ്ത്രീയുടെ ചോദ്യങ്ങൾ

(പി. കെ. കുട്ടീമ)

മാന്യപുരുഷന്മാരെ!

മുസ്ലിം സ്ത്രീകളെ സംബന്ധിച്ച നിങ്ങൾ എന്താണ് വിചാരിക്കുന്നത്? ഇസ്ലാംമതം സ്ത്രീകൾക്ക് അനുവദിച്ചിരിക്കുന്ന സ്ഥാനമാനങ്ങളും അവകാശാധികാരങ്ങളും പുരുഷന്മാർ എന്തുകൊണ്ടു സമ്മതിക്കുന്നില്ല? അഭിമാനത്തോടും സന്തോഷത്തോടുംകൂടിയുള്ള ജീവിതത്തിന്നു പുരുഷന്മാർ ആഗ്രഹിക്കുന്നുണ്ടല്ലോ. ഇങ്ങനെയുള്ള ഒരു ജീവിതത്തിന്നു സൌകര്യങ്ങൾ സ്ത്രീകൾക്ക് പുരുഷന്മാർ അനുവദിച്ചു തരാത്തതു എന്തുകൊണ്ടാണ്? സ്ത്രീപുരുഷന്മാർ തമ്മിലുള്ള നൈസർഗ്ഗിക ബന്ധത്തെ സന്ദർഭസുന്ദരമായ നിയമനിബന്ധനകൾകൊണ്ടു ദൃഢവും സുവ്യക്തവുമായവിധം ബന്ധിക്കുക മാത്രമാണ് ഇസ്ലാം ചെയ്യുന്നതു്. അതിൽ യാതൊരു കൃത്രിമവും ഇല്ല. എന്നു മാത്രമല്ല പരലോക വിഷയത്തിലുംകൂടി സ്ത്രീകളുടെ അന്തസ്സ് പുരുഷന്മാൎക്കു തുല്യമായി ഉയൎത്തീട്ടുണ്ട്. സ്ത്രീയായിരുന്നാലും, പുരുഷനായിരുന്നാലും, സൽകൎമ്മം ചെയ്യുന്നവർ ആരോ അവർ എല്ലാവരും സ്വൎഗ്ഗത്തിൽ പ്രവേശിക്കും. ഇങ്ങിനെയെല്ലാം ആയിട്ടുകൂടി പുരുഷന്മാർ സ്ത്രീകളുടെ അവകാശങ്ങൾ അനുവദിച്ചു കൊടുക്കുന്നുണ്ടോ? സ്ത്രീകൾക്ക് മതം അനുവദിച്ചതായ അവകാശാധികാരങ്ങളിൽ പെട്ടതാകുന്നു വിദ്യാഭ്യാസവും. സ്ത്രീകൾക്കുള്ള എല്ലാ ബാദ്ധ്യതകളും നമ്മുടെ വേദത്തിൽ വ്യക്തമായ നിയമങ്ങളാൽ നിൎണ്ണയിച്ചിരിക്കുന്നു. പക്ഷെ ഇന്നു വിദ്യാഭ്യാസം അവൎക്കു നൽകുന്നില്ല. സ്ത്രീകൾക്ക് ശരിയായ വിദ്യാഭ്യാസം നല്കാത്തതിന്റെ ദോഷം ഒന്നാമതായി നേരിടുന്നതു് നിങ്ങളുടെ കാമനസ്സന്താനങ്ങൾക്കാകുന്നു. കുട്ടികൾ ചെറുപ്പകാലത്ത് വളരുന്നത് ഞങ്ങളുടെ, സ്ത്രീകളുടെ, മടിയിലാണല്ലോ. ഒരു കുട്ടിയുടെ ആദ്യഗുരു മാതാവും വിദ്യാലയം ഗൃഹവുമാകുന്നു. മാതാവ് സൽസ്വഭാവിയല്ലെങ്കിൽ കുട്ടിയും അപ്രകാരം ആവാൻ തരമുണ്ടോ. ഇസ്ലാം സമുദായത്തെ അഭിവൃദ്ധിപ്പെടുത്തേണമെന്ന ആഗ്രഹമുള്ള വല്ല യുവാക്കന്മാരും ഇന്നുണ്ടെങ്കിൽ അവർ ഒന്നാമതായി ചെയ്യേണ്ടത് സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്നു ശരിയായ മാൎഗ്ഗമുണ്ടാക്കിത്തീൎക്കുകയാണ്. ഇന്ന് നടപ്പിൽ ഇരിക്കുന്ന മുസ്ലിം പള്ളിക്കൂടങ്ങളിൽ ഞങ്ങൾക്ക് വിദ്യാഭ്യാസത്തിന്നു സൌകര്യമോ സ്വാതന്ത്ര്യമോ ഇല്ല. കാലാനുസരണമായ വിദ്യ ലഭിക്കേണമെന്നുണ്ടെങ്കിൽ പെൺപള്ളിക്കൂടങ്ങൾ സ്ഥാപിക്കേണം.

ഇന്ന് നാം കണ്ടും കേട്ടും വരുന്ന മഹാന്മാരുടെ പേരിന്നും പെരുമക്കും കാരണം അവരുടെ മാതാക്കളാകുന്നു. സമുദായത്തിന്റെ നവജീവനായ സ്ത്രീലോകത്തിന്ന് വിദ്യാഭ്യാസവും സംസ്കരണവും ഇല്ലെങ്കിൽ സമുദായത്തിന്നു അഭിവൃദ്ധി പ്രാപിപ്പാൻ സാധിക്കുന്നതല്ല. നമ്മുടെ മതനായകനായ റസൂൽകരീം (സ) പറയുന്നത് നോക്കുക. അറിവ് ഇസ്ലാമിന്റെ ജീവനും, മതത്തിന്റെ തൂണുമാകുന്നു. ഇന്ന് ഞങ്ങൾ എത്രകണ്ട് താണ നിലയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു എന്ന് വിചാരിക്കുവാൻ പ്രയാസം. ഞങ്ങളുടെ ഇടയിൽ എന്തെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നു; ഞങ്ങളുടെ ചുററുഭാഗങ്ങളിൽ എന്തെല്ലാം കോലാഹലങ്ങൾ നടക്കുന്നു. എന്നാൽ ഞങ്ങളിൽ അധികപേരും ഇതൊന്നും അറിയുന്നില്ല. ഒരു ശവത്തിന്റെ അരികെവെച്ച ജീവനുള്ളവർ നടത്തുന്ന കോലാഹലങ്ങളോടു ആ ശവത്തിന്നുള്ള ബന്ധം മാത്രമാണ് ഇന്ന് ഞങ്ങളുടെ ഇടയിൽ നടക്കുന്ന പല സംഭവങ്ങളോടും മുസ്ലിം സ്ത്രീകൾക്കുള്ളത്. സമുദായത്തിന്നു ഗുണകരമായ പ്രവൃത്തികൾ ചെയ്വാൻ ഞങ്ങൾക്ക് സാധിക്കുന്നില്ലെന്നു മാത്രമല്ല അന്യർ ഞങ്ങളെപററി പരിഹസിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്നതിനെപററി അറിവാനുള്ള ശക്തിപോലും ഞങ്ങൾക്ക് ഇല്ല. തൂണില്ലാതെ കെട്ടിടം ഉറച്ചുനില്ക്കുക ഇല്ലല്ലോ. അതുപോലെ അറിവില്ലാതെ സമുദായവും ഉറച്ചു നില്ക്കുക ഇല്ലെന്നു നബിവചനം തെളിയിച്ചിരിക്കുന്നു.

ഇതര മതസ്ഥരും സമുദായക്കാരും സ്ത്രീവിദ്യാഭ്യാസം തെററാണെന്ന് കരുതിയിരുന്ന കാലത്ത്പോലും പഠിപ്പുകൊണ്ടും പാണ്ഡിത്യംകൊണ്ടും പ്രഥമസ്ഥാനത്തെ അർഹിച്ചിരുന്ന മഹിളാമണികൾ നമ്മുടെ സമുദായത്തിലുണ്ടായിരുന്നു. ഇസ്ലാമിന്റെ ആരംഭം മുതൽ, പൌരസ്ത്യദേശങ്ങളിൽ അവൎക്കുണ്ടായിരുന്ന രാജ്യം നഷ്ടമാകുന്നതുവരെ, മുസ്ലിം സ്ത്രീകൾ ഇപ്പോഴത്തേതിലും അന്തസ്സിലായിരുന്നു സ്ഥിതിചെയ്തിരുന്നതു. ഖലീഫാഹാറൂൻ അൽ-റഷീദിന്റെ ഭാൎയ്യയായ സുബൈദാ എന്ന മഹിളാമണി വലിയ അറിവുള്ളവരായിരുന്നു. മദീനാവാസിയായ യഹാറൂഖ് എന്ന മഹാന്റെ ഭാൎയ്യയായ ഉമൈദാ എന്ന വനിതാമണി തന്റെ കനിഷ്ഠപുത്രനെ വളൎത്തി എല്ലാവിധ വിദ്യാഭ്യാസവും നൽകി അദ്ദേഹത്തെ അന്നത്തെ വലിയ നിയമപണ്ഡിതന്മാരിൽ ഒരാളാക്കിത്തീൎത്തു. അലിയുടെ പുത്രനായ ഇമാം ഹുസയിൻ പേൎഷ്യായിലെ സസാനിയാ രാജകുടുംബത്തിൽ പെട്ട യസ്ജൎദിന്റെ ഒരു മകളെ വിവാഹം ചെയ്തിരുന്നു. സൎവ്വകലാ നിപുണയും ശ്രേഷ്ഠയുമായിരുന്നു ഈ സ്ത്രീരത്നം. വിദ്യാഭ്യാസവിഷയത്തിൽ പ്രത്യേകം പ്രാവീണ്യം പ്രാപിച്ചിരുന്ന വിദ്വാന്മാരോടും വൈദികന്മാരോടും സംസാരിച്ചുകൊണ്ടിരിക്കുന്നതിൽ അവർ പ്രത്യേകം പ്രതിപത്തി കാണിച്ചു. പൊതുവായി പറയുന്നതായാൽ നബിയുടെ വംശത്തിൽ ഉൾപെട്ട എല്ലാ സ്ത്രീകളും വിദ്യാഭ്യാസത്തിലും നാഗരികതയിലും പ്രഥമസ്ഥാനം വഹിച്ചുവന്നു. ഹിജറ അഞ്ചാം നൂററാണ്ടിൽ ഫഖറുന്നിസാ (അഭിമാന വനിത) എന്ന പേർ സിദ്ധിച്ചിരുന്ന ഷൈഖാസുദാ എന്ന നാരീമണി ബഗ്ദാദിലുള്ള വലിയ പള്ളിയിൽ കൂടിയിരുന്ന ജനക്കൂട്ടത്തിൽവെച്ച വ്യാകരണം, സാഹിത്യം, കാവ്യം ആദിയായ വിഷയങ്ങളെ സംബന്ധിച്ച പ്രസംഗം ചെയ്തിരുന്നു. ദാത്തുൽ ഹിമ്മാ എന്ന സ്ത്രീ അനേകം യുദ്ധക്കളങ്ങളിൽ ചെന്നു വിശ്രുതന്മാരായ പല രണശൂരന്മാരോടും എതിൎത്തു യുദ്ധം ചെയ്തിട്ടുണ്ട്.

നബിയാൽ സുസ്ഥാപിതമായ പരിഷ്കാരംമൂലം സ്ത്രീകളുടെ അന്തസ്സ് അധികം ഉയൎന്നിട്ടുണ്ട് എന്ന് നിഷ്പക്ഷബുദ്ധികളായ ഇതര മതക്കാർപോലും സമ്മതിക്കുന്നു: എന്നിട്ടുപോലും അതു കേരളമുസ്ലിമിങ്ങൾക്കു അറിയാറായിട്ടില്ല. പുരുഷന്മാരായ നിങ്ങൾക്കും സ്ത്രീകളായ ഞങ്ങൾക്കും അഭിവൃദ്ധി പ്രാപിപ്പാൻ വിദ്യാഭ്യാസവും സംസ്കാരവും ആവശ്യമാണ്. പക്ഷെ ചില സംഗതികളിൽ ഞങ്ങളുടെ പ്രവൃത്തി ഭേദപ്പെട്ടതുകൊണ്ടു ഞങ്ങൾക്കു ലഭിക്കുന്ന വിദ്യാഭ്യാസവും ഭേദപ്പെട്ടിരിക്കേണ്ടതാണെന്നുമുള്ള ഗൃഹഭരണം ശിശുപരിപാലനം ഭൎത്തൃശുശ്രൂഷ മുതലായവ ഞങ്ങളെ പ്രത്യേകം സംബന്ധിക്കുന്നതാണ്. ഞങ്ങൾക്കു വേണ്ട പരിഷ്കാരം വരുത്തി പുരുഷന്മാൎക്കു കൂടുതൽ പ്രയാസം

മുള്ളവരാക്കിത്തീർക്കേണ്ടുന്ന കടമ നിങ്ങളിൽ ഉണ്ട്. പുരുഷന്മാരുടെ ഐശ്വര്യത്തിലും സന്തോഷത്തിലും സന്താപത്തിലും എന്നല്ല പ്രവൃത്തിയിലും ഞങ്ങൾ പങ്കുകൊള്ളുന്നവരാണ്.

അഭിമാനത്തോടും സന്തോഷത്തോടും കൂടിയുള്ള ജീവിതത്തിന്നു പുരുഷന്മാരെപ്പോലെ സ്ത്രീകളും ഇന്നു ലോകമൊട്ടുക്കു പരിശ്രമിച്ചു വരുന്നു. തങ്ങളുടെ സാമുദായിക അവകാശങ്ങൾക്കും, രാഷ്ട്രീയ അധികാരത്തിന്നും, അവർ പോരാടി വരുന്നു. പാശ്ചാത്യരാജ്യങ്ങളിലും, ചുരുക്കം ചില പൌരസ്ത്യപ്രദേശങ്ങളിലും സ്ത്രീകളുടെ അവകാശാധികാരത്തിന്നായുള്ള പോരാട്ടം ഭയങ്കരമായി തീർന്നിരിക്കുന്നു. ഈ സ്ഥിതിക്ക് അവരുടെ ന്യായമായ അവകാശങ്ങൾ സമ്മതിച്ചു കൊടുക്കാതെ ഇരിക്കുവാൻ പുരുഷന്മാൎക്കു ഇനി സാധിക്ക ഇല്ല.

സ്ത്രീകളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചു പുരുഷന്മാരെ പിടികൂടിയിരിക്കുന്ന അന്ധവിശ്വാസത്തിന്ന് കാരണം യഥാർത്ഥമായ ഇസ്ലാം ദീൻ (മതപരമായ വിദ്യ) പഠിച്ചറിയാത്തതും, പൂർവ്വ മുസ്‌ലിമിങ്ങളുടെ ചരിത്രം വായിച്ച് ഗ്രഹിക്കാത്തതുമാണ്. ഇന്ന് കേരളത്തിൽ 8 ലക്ഷം മുസ്‌ലിം സ്ത്രീകൾ യാതൊരു വിദ്യയുമില്ലാതെ സമുദായത്തെ അധഃപതിപ്പിക്കുകയാണ് ചെയ്യുന്നതു് എന്ന് ഇതിന്നിടെ ഒരു മാന്യൻ എഴുതിയതു കാണുകയുണ്ടായി. ഇങ്ങിനെയുള്ള അപവാദത്തിന്നു കാരണക്കാർ നിങ്ങളോ ഞങ്ങളോ? കുട്ടികൾ നന്നായിത്തീരണമെന്നു ആഗ്രഹമുള്ള പുരുഷന്മാർ തന്നെ സ്ത്രീകൾക്കു പഠിപ്പു പാടില്ലെന്നു പറയുന്നു. സൂര്യപ്രകാശംപോലും ഏല്ക്കുവാൻ അനുവദിക്കാതെ സ്ത്രീകളെ മതിൽക്കെട്ടിന്നകത്തിട്ടു പൂട്ടി പുരുഷന്മാരുടെ സുഖത്തിന്നും അടുക്കളജോലിക്കും മാത്രം ഉപയോഗപ്പെടുത്തുന്നതു പുരുഷന്മാരല്ലേ? ഇന്ന് ഭാരതത്തിൽ മാതൃഭാഷാ സംഭാഷണത്തിൽ മുന്നണിയിൽ നില്ക്കുന്ന ഹിന്ദു സമുദായത്തിൽപെട്ട ശിശുക്കളുടെ ഭാഷാശുദ്ധി ഒന്നു നോക്കട്ടെ. ഒരു മുസ്‌ലിമിനെയോ ഒരു മുസ്‌ലിം ശിശുവിനെയോ അതുപോലെ ഭാഷാശുദ്ധിയുള്ളതായി കാണുന്നില്ല. അങ്ങിനെ കാണാതിരിക്കുന്നതു അവരുടെ രക്ഷാകർത്താക്കൾക്ക് ഭാഷാശുദ്ധി ഇല്ലാത്തതുകൊണ്ടാണ്. ഖുർആനും ഹദീദും എന്തുതന്നെ പറഞ്ഞാലും, സ്ത്രീകൾ കുട്ടികളെ ജനിപ്പിക്കുന്ന ഒരു യന്ത്രവും പാചകവേലക്കായുള്ള ഒരു ജീവിയും ആയി സൃഷ്ടിക്കപ്പെട്ടവരാണെന്നു പുരുഷന്മാർ ധരിച്ചു കളയുന്നത്, ഏററവും വ്യസനകരവും ലജ്ജാവഹവും തന്നെ. സ്ത്രീകൾക്ക് പഠിപ്പു ആവാമെന്നു വെച്ചാൽ തന്നെ എട്ടു വയസ്സിന്റെ മുമ്പല്ലാതെ പിന്നെ പാടില്ലെന്നാണ് ചില പുരുഷന്മാർ വിചാരിക്കുന്നതു്. സ്ത്രീകൾക്ക് പുറത്ത് ഇറങ്ങിക്കൂടാ. അഥവാ ഞങ്ങൾ പുറത്തിറങ്ങിയാൽ ഇസ്‌ലാമിക വൃത്തത്തിൽ നിന്നു പുറത്തായി പോകുമെന്നോ ഞങ്ങളുടെ ബഹുമതി നശിച്ചു പോകുമെന്നോ ആണ് മററുചില പുരുഷന്മാർ വിചാരിക്കുന്നതു്. ഇത്തരം തെററിദ്ധാരണയാൽ സ്ത്രീവിദ്യാഭ്യാസം വേണ്ടെന്നു പറയുന്ന പുരുഷന്മാരാണ് കേരളത്തിൽ അധികംപേരുമുള്ളത്.

എന്നാൽ ഇസ്‌ലാംമതം ഞങ്ങൾക്ക് അനുവദിച്ചു തന്ന സ്വാതന്ത്ര്യം മററ യാതൊരു മതത്തിലും ജാതിയിലുമുള്ള സ്ത്രീകൾക്കും അനുവദിച്ചു കൊടുത്തിട്ടില്ലെന്നു നിശ്ചയമത്രെ. ഇന്നത്തെ ഞങ്ങളുടെ അധോഗതിക്കു കാരണം വിദ്യാഭ്യാസത്തിന്റെ പോരായ്മ എന്നല്ലാതെ ഇസ്‌ലാമിക നിയമദോഷമല്ല.

——




# എന്റെ വാല്യക്കാരി

(മൃണാളിനി)

ഇവററകളെക്കൊണ്ടു പൊറുതിയില്ലാണ്ടായി. ഈ വാല്യക്കാരെന്നൊരു കൂട്ടരെ വിശ്വാമിത്രനാണോ സൃഷ്ടിച്ചതു്! എത്ര ശകാരിച്ചാലും എത്ര തല്ലിയാലും നന്നാവില്ല, ഇവററകൾ. ഞാൻ തോററു. എത്ര എണ്ണമായി ഇപ്പോൾ. എന്റെ കൊച്ചുഗോപിയെ പ്രസവിച്ചതിനുശേഷം ഇതു മൂന്നാമത്തെ വാല്യക്കാരിയാണ്. ഒരുത്തി—അയ്യോ! അവളുടെ കാര്യം ഓർത്താലെനിക്കു കലി വരും. അവളും അവളുടെ മൂളിപ്പാട്ടും! കുളിയുംകഴിഞ്ഞു പൊട്ടുംതൊട്ടു വരുന്നവരവല്ലേ, കാണേണ്ടതു്. രംഭയൊ തിലോത്തമയൊ ആണെന്നാ, അവളുടെ ഭാവം. ഞാൻ തേയ്ക്കുന്ന സോപ്പുവേണം, അവൾക്കു തേയ്ക്കാൻ. പാവങ്ങളല്ലേ, കൊതിയല്ലേ, എന്നൊക്കെ വിചാരിച്ചു ഞാനൊന്നും പറയില്ല. പിന്നെ തുടങ്ങിയല്ലൊ, ദിവസവും സോപ്പു തേയ്ക്കല്. ഒരു ദിവസം എനിക്കു വല്ലാണ്ടെ ദേഷ്യം വന്നു. ചൂലുകൊണ്ടു മുഖത്തു നല്ല അലക്കു കൊടുത്തു. എന്നാലുണ്ടൊ, നാണം? ഒരു വിധത്തിൽ ഇവിടുന്നു പറഞ്ഞയച്ചു.

പിന്നെ ഒരുത്തിയെ കൊണ്ടുവന്നതു് മൂശേഠ. ജീവൻ പോയാൽ, കുളിക്കില്ല ശവം. കുട്ടിയെ കയ്യിൽകൊടുക്കാൻപോലും അറയ്ക്കും. തിന്നണം, ഒരഞ്ചാറു പറ. കുളിക്കാൻ പറഞ്ഞാൽ, അപ്പോഴൊക്കെ പനിയായി, തലവേദനയായി. പോത്തിനെപ്പോലെ വേലയെടുക്കും. കണ്ണു തെററിയാൽ കക്കും. പിന്നെന്താചെയ്ക! ആദ്യമാദ്യം ഞാൻ, അറിഞ്ഞാലും മിണ്ടില്ല. തേങ്ങയായി, അരിയായി, ഉപ്പായി, മുളകായി, പെണ്ണിന്റെ കയ്യിൽ എന്തു കിട്ടിയാലും എടുത്തു വിററുകളയും. ഒരിക്കൽ സുമതിയുടെ സാരി കാണാനില്ല. അവൾ ഈ വീടു മുഴുവൻതിരക്കി. പെണ്ണിനെ വിളിച്ചു ചോദിച്ചപ്പോൾ, തുടങ്ങിയല്ലൊ സത്യം പിടിക്കല്. അവളല്ലാതെ ആരെടുക്കും, അതു്. പിന്നെയാണ ഗോവിടെ കഴുത്തിൽ കിടന്നിരുന്ന സ്വർണ്ണമാല കാണാതായതു്. അന്നു ഞാൻ അവളെ പിടിച്ചു പോലീസിൽ ഏല്പിച്ചേനെ. പിന്നെ അദ്ദേഹം പറഞ്ഞു, വേണ്ടെന്നു്. ഇനി വാല്യക്കാരത്തി വേണ്ടെന്നു അന്നു ഞാൻ തീർച്ചപ്പെടുത്തിയതാ.

പിന്നെന്തുചെയ്യും! കുട്ടിയെ നോക്കണ്ടെ; അടിച്ചുവാരണ്ടെ; പാത്രം തേയ്ക്കണ്ടെ; മുണ്ടു നനക്കണ്ടെ; എനിക്കു വല്ലേടത്തും ഒന്നു പോകണമെങ്കിൽ കൂടെ ഒരു പെണ്ണു വേണ്ടെ—ഇതിനൊക്കെ ആളു കൂടാതെ കഴിയുമോ? അദ്ദേഹത്തിനീ വിചാരമൊന്നും ഇല്ല. എങ്ങിനെയാണ ഇവിടത്തെ കാര്യങ്ങൾ നടക്കുന്നതെന്നൊന്നും അദ്ദേഹത്തിനു അന്വേഷണമില്ല. ഒരു ദിവസം അദ്ദേഹത്തിന്റെ ആഫീസിലെ ക്ലാർക്കു വന്നപ്പോൾ, ഒരു നല്ല വാ